സി.ആർ.ഡി/ജെ.എൻ.എം/025/2014-15 20 ജൂൺ 2014

സ്വീകർത്താവ്

ഹെഡ്മാസ്റ്റർ

സർ,

വിഷയം: - 'ജീവനം' - നീർത്തടാധിഷ്ഠിത വികസനം, കൃഷി മേഖലകളിൽ ക്ളാസ്സ് നൽകുന്നത് സംബന്ധിച്ച്

സർക്കാരിന്റെ സൊസൈറ്റി ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്ത് കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് സെന്റർ ഫോർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് (സി.ആർ.ഡി). നീർത്തടാധിഷ്ഠിത വികസന മേഖലകളിലും കാർഷിക അനുബന്ധ മേഖലയിലും പദ്ധതികൾ തയ്യാറാക്കുന്നതിനും നിർവ്വഹണത്തിനുമായി കഴിഞ്ഞ 8 വർഷമായി ത്രിതല പഞ്ചായത്തുകൾ, കർഷക ക്ളബ്ബുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവരെ സി.ആർ.ഡി സഹായിച്ചു വരുന്നു. കേന്ദ്ര - സംസ്ഥാനസർക്കാർ സംയുക്ത പരിപാടികളായ പശ്ചിമഘട്ട വികസന പരിപാടിയുടെ (ഡബ്ള്യു.ജി.ഡി.പി) പദ്ധതി നിർവ്വഹണ ഏജൻസി (പി.ഐ.എ) സംയോജന നീർത്തട പരിപാലന പരിപാടിയുടെ (ഐ.ഡബ്ള്യു.എം.പി) സാങ്കേതിക സഹായ സംഘടന (ടി.എസ്.ഒ), നബാർഡ് നീർത്തട പദ്ധതികളുടെ റിസോർസ് സപ്പോർട്ട് ഓർഗനൈസേഷൻ (ആർ.എസ്.ഒ), പദ്ധതി പ്രോത്സാഹന സംഘടന (പി.എഫ്.എ) എന്നീ നിലകളിൽ പ്രവർത്തന അംഗീകാരമുള്ള സ്ഥാപനമാണ് സി.ആർ.ഡി.

വികസന രംഗത്ത് ഇന്ന് ഏറെ പ്രസക്തമായ വിഷയങ്ങളാണല്ലോ പരിസ്ഥിതി സംരക്ഷണവും ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളും. കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യത്യസ്ത പദ്ധതിയുടെ ഭാഗമായി ഈ മേഖലകളിൽ ഏറെ അനുഭവ പരിജ്ഞാനമുള്ള സി.ആർ.ഡി, ഈ വിഷയങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് അറിവുകളും അനുഭവങ്ങളും പങ്കുവെയ്ക്കുന്നതിനും പരിസ്ഥിതി, കാർഷിക - ഭക്ഷ്യ സുരക്ഷ അവബോധ മേഖലകളിൽ സ്കൂൾ നടത്തുന്ന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുമായി റിസോർസ് സപ്പോർട്ട് നൽകുവാൻ വേണ്ടി ആഗ്രഹിക്കുകയാണ്.

ഇതിന്റെ ഭാഗമായി അങ്ങയുടെ സ്കൂളിലെ യു.പി - ഹൈസ്കൂൾ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് നീർത്തട സംരക്ഷണം, ഭക്ഷ്യ സുരക്ഷ, ചെടികളുടെ ഗ്രാഫ്റ്റിംഗ്, ബഡ്ഡിംഗ്, ലെയറിംഗ് തുടങ്ങിയ കാർഷിക വിഷയങ്ങളിലും സൗജന്യ പരിശീലനം അതാത് സ്കൂളുകളിൽ വന്ന് നടത്തുന്നതാണ്. ഈ പരിപാടിക്കുള്ള റിസോർസ് പേർസണെ ലഭ്യമാക്കുന്നതോടൊപ്പം അവർക്കുള്ള ട്രാവലിംഗ് എക്സ്പെൻസ്, ഹോണറേറിയം, ഡി.എ എന്നിവ സി.ആർ.ഡി തന്നെ വഹിക്കുന്നതായിരിക്കും. ആയതിനാൽ ഈയൊരു സൗകര്യം ഉപയോഗപ്പെടുത്താൻ അങ്ങയുടെ സ്കൂളിന് താൽപര്യമുണ്ടെങ്കിൽ താഴെ കാണുന്ന അപേക്ഷാ ഫോറം പൂരിപ്പിച്ച് ഡയറക്ടർ, സെന്റർ ഫോർ റിസർച്ച് & ഡെവലപ്മെന്റ് (സി.ആർ.ഡി), നീലേശ്വരം പി.ഒ, കാസർഗോഡ് ജില്ല - 671314 എന്ന മേൽവിലാസത്തിലേക്ക് 2014 ജൂലൈ 15 ാം തീയ്യതിക്കകം അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരമാവധി 30-40 വിദ്യാർത്ഥികളെ പരിശീലനത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 9446403177 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

ഡയറക്ടർ
സി.ആർ.ഡി.